# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

India's National Spiritual Newspaper

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXIX | DECEMBER 2022 | No. 2

## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**ലൂക്കൊസ് 1:26 – 33**

26. ആറാം മാസത്തിൽ ദൈവം ഗബ്രിയേൽ ദൂതനെ നസറേത്ത് എന്ന ഗലീല പട്ടണത്തിൽ,

27. ദാവീദ് ഗൃഹത്തിലുള്ള യോസേഫ് എന്നൊരു പുരുഷന്നു വിവാഹം നിശ്ചയിച്ചിരുന്ന കന്യകയുടെ അടുക്കൽ അയച്ചു; ആ കന്യകയുടെ പേർ മറിയ എന്നു ആയിരുന്നു.

28. ദൂതൻ അവളുടെ അടുക്കൽ അകത്തു ചെന്നു: കൃപ ലഭിച്ചവളേ, നിനക്കു വന്ദനം; കർത്താവു നിന്നോടുകൂടെ ഉണ്ടു എന്നു പറഞ്ഞു.

29. അവൾ ആ വാക്കു കേട്ടു ഭ്രമിച്ചു: ഇതു എന്തൊരു വന്ദനം എന്നു വിചാരിച്ചു.

30. ദൂതൻ അവളോടു: മറിയയേ, ഭയപ്പെടേണ്ടാ; നിനക്കു ദൈവത്തിന്റെ കൃപ ലഭിച്ചു.

31. നീ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും; അവന്നു യേശു എന്നു പേർ വിളിക്കേണം.

32. അവൻ വലിയവൻ ആകും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും; കർത്താവായ ദൈവം അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം അവന്നു കൊടുക്കും.

33. അവൻ യാക്കോബ് ഗൃഹത്തിന്നു എന്നേക്കും രാജാവായിരിക്കും; അവന്റെ രാജ്യത്തിന്നു അവസാനം ഉണ്ടാകയില്ല എന്നു പറഞ്ഞു.



# ക്രിസ്തുമസ്സിന്റെ അനുഗ്രഹങ്ങൾ!

## BLESSINGS OF CHRISTMAS!

*പാസ്റ്റർ. കെ.ആർ. രാജശേഖരൻ*

ആദ്യത്തെ ക്രിസ്തുമസ്സ് ലോകത്തിലെ മിക്കവർക്കും നഷ്ടമായി. അത് അവർ ഓർമ്മിച്ചില്ല. അത് സംഭവിച്ചത് അറിഞ്ഞില്ല, മനസ്സിൽ പെട്ടതുമില്ല. അവർക്ക് അതിന്റെ പ്രാധാന്യം അറിയില്ലായിരുന്നു. ആദ്യത്തെ ക്രിസ്തുമസ്സിന് വളരെ കുറച്ച് ആളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ 2000 വർഷങ്ങൾക്കുശേഷം എന്താണ് ക്രിസ്തുമസ്സ് എന്ന് ലോകം മുഴുവനുമുള്ള എല്ലാവർക്കും അറിയാം. ലോകം മുഴുവനുമുള്ള കോടിക്കണക്കിന് ജനങ്ങൾ ആരാധിക്കുകയും യേശുവിന്റെ ജനനം ആഘോഷിക്കുകയും ചെയ്യുന്നു. മറിയയ്ക്കും യോസേഫിനും ആട്ടിടയന്മാർക്കും വിദ്വാന്മാർക്കും മാത്രമാണ് ആദ്യത്തെ ക്രിസ്തുമസ്സിനെക്കുറിച്ച് അറിയാമായിരുന്നത്. ഇവർക്ക് ആദ്യത്തെ ക്രിസ്തുമസ്സിൽ പങ്കെടുക്കുവാൻ എന്തു പ്രത്യേകതയാണ് ഉണ്ടായിരുന്നത്? താൻ അനുഗ്രഹിക്കാൻ പോകുന്നവരെ ദൈവം എങ്ങനെ തിരഞ്ഞെടുക്കുന്നു? ദൈവം ആരെയാണ് തിരഞ്ഞെടുക്കുന്നതും ഉപയോഗിക്കുന്നതും എന്നതിനെക്കുറിച്ച് ഒരു നിമിഷം ചിന്തിക്കാം.

മറിയയും യോസേഫും ഇടയന്മാരും വിദ്വാന്മാരും ചെയ്ത കാര്യങ്ങൾ നിങ്ങളും ചെയ്താൽ ദൈവം നിങ്ങളെ അനുഗ്രഹിക്കും എന്നതാണ് വാസ്തവം. അത് നിങ്ങൾ ഇപ്പോൾ ചെയ്യുകയാണെങ്കിൽ ഈ ക്രിസ്തുമസ്സ് നിങ്ങൾക്കും അനുഗ്രഹപ്രദമായി മാറും. കാരണം, അതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ യോസേഫ് സഹകരിച്ചു, ഇടയന്മാർ ആഘോഷിച്ചു, മറിയ ധ്യാനിച്ചു, വിദ്വാന്മാർ പ്രതിഷ്ഠിച്ചു എന്നു നമുക്കു കാണാം. അത് നമുക്ക് ഓരോന്നായി ധ്യാനിക്കാം.

### 1. ദൈവത്തിന്റെ പദ്ധതിയുമായി യോസേഫ് സഹകരിച്ചു


**എന്നാൽ യേശുക്രിസ്തുവിന്റെ ജനനം ഇവ്വണ്ണം ആയിരുന്നു. അവന്റെ അമ്മയായ മറിയ യോസേഫിന്നു വിവാഹം നിശ്ചയിക്കപ്പെട്ടശേഷം അവർ കൂടിവരുമ്മുമ്പെ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നു കണ്ടു. അവളുടെ ഭർത്താവായ യോസേഫ് നീതിമാനാകകൊണ്ടും അവൾക്കു ലോകോപവാദം വരുത്തുവാൻ അവന്നു മനസ്സില്ലായ്കകൊണ്ടും അവളെ ഗൂഢമായി ഉപേക്ഷിപ്പാൻ ഭാവിച്ചു. ഇങ്ങനെ നിനെച്ചിരിക്കുമ്പോൾ കർത്താവിന്റെ ദൂതൻ അവന്നു സ്വപ്നത്തിൽ പ്രത്യക്ഷനായി: "ദാവീദിന്റെ മകനായ യോസേഫേ, നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊൾവാൻ ശങ്കിക്കേണ്ട; അവളിൽ ഉല്പാദിതമായതു പരിശുദ്ധാത്മാവിനാൽ ആകുന്നു. അവൾ ഒരു മകനെ പ്രസവിക്കും, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ**



*4–ാം പേജിൽ തുടരും...*

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

## from your dearly beloved brother...





**നിങ്ങൾ ഇന്നു കണ്ടിട്ടുള്ള മിസ്രയീമ്യരെ ഇനി ഒരുനാളും കാണുകയില്ല.** പുറപ്പാട് 14:13

### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

ക്രിസ്തുവിൽ പ്രീയ സഹോദരീസഹോദരന്മാരേ,

നമ്മുടെ പിതാവായ ദൈവത്തിൽ നിന്ന് നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ! 2022ൽ നമ്മെ അനുഗ്രഹിച്ച കർത്താവായ ദൈവം 2023-ലെ പുതുവർഷത്തിലുടനീളം നിങ്ങളോടൊപ്പമുണ്ടാകും.

ദൈവാനുഗ്രഹത്താൽ നിങ്ങൾ നന്നായിരിക്കുന്നു എന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഞങ്ങൾ നിങ്ങൾക്കുവേണ്ടി നിരന്തരമായി കർത്താവിനോടു പ്രാർത്ഥിക്കുന്നുണ്ട്. വരും ദിവസങ്ങളിൽ നിങ്ങളുടെ ജീവിതങ്ങളിൽ ദൈവം നിശ്ചയമായും വലിയ കാര്യങ്ങൾ ചെയ്യും. ഇന്ന് നടക്കുവാനിരിക്കുന്ന അത്ഭുതത്തിനായി അവനിൽ വിശ്വസിച്ച് പ്രാർത്ഥിക്കുവിൻ.



*നമ്മുടെ റെസിഡൻഷ്യൽ ഹിന്ദി വിദ്യാർത്ഥികൾ*

ഇന്ത്യയിലെയും അയൽരാജ്യങ്ങളിലെയും സുവിശേഷം എത്തിച്ചേരാത്ത ജനങ്ങളുടെ മദ്ധ്യേ സുവിശേഷവുമായി കടന്നുചെല്ലുവാനുള്ള വലിയ തിരക്കിലാണ് ഞങ്ങൾ. അതേ സമയം തന്നെ വലിയ വിളവെടുപ്പിനായി നെഹെമ്യ ബൈബിൾ കോളേജിലെ വിദ്യാർത്ഥികളെ ഞങ്ങൾ സജ്ജരാക്കിക്കൊണ്ടിരിക്കുന്നു. അവർ സന്തോഷത്തോടെ പഠിക്കുകയും വയലേലകളിലെ പരിശീലനത്തിൽ പങ്കെടുക്കുകയും ചെയ്യുന്നു. ബൈബിൾ കോളേജിന്റെ സംരംഭങ്ങൾക്കായി നിങ്ങൾ പ്രാർത്ഥിക്കുകയും പിന്തുണക്കുകയും ചെയ്യുന്നതിന് ഞങ്ങൾ നന്ദിയുള്ളവരാണ്. ദയവായി അത് അങ്ങനെ തന്നെ തുടരുവിൻ.

ഈ അടുത്ത കാലത്ത് ഞാൻ ദക്ഷിണേന്ത്യ സന്ദർശിച്ചപ്പോൾ ദൈവീക ശുശ്രൂഷയിലുള്ള ഞങ്ങളുടെ സഹപ്രവർത്തകരെ കാണുവാനും ഞങ്ങളുടെ ബന്ധം ശക്തീകരിക്കുവാനും സാധിച്ചു. ഓരോരുത്തരും പ്രവർത്തിക്കുന്ന മേഖലകളിൽ സൗജന്യമായി ലഘുലേഖകൾ വിതരണം ചെയ്യുവാൻ ആവശ്യാനുസരണം നൽകി അനുഗ്രഹിക്കുവാൻ സാധിച്ചു. വിളിയുടെ പ്രതിധ്വനിയു ടെ സുവിശേഷ അച്ചടിശാല യ്ക്കും സാഹിത്യ പ്രവർത്തകർക്കുമായി ഞങ്ങൾ ദൈവ ത്തിനു നന്ദിയർപ്പിക്കുന്നു.




പാസ്റ്റർ. ജേക്കബ് ജെയകുമാർ,
നമ്മുടെ സുവിശേഷ ലഘുലേഖ
വിതരണക്കാരൻ
വില്ലുപുരം പട്ടണം



ബ്ര.സോളമൻ മനോഹരൻ, വ്യവസായി
99 കെ.എം. കോഫി മാജിക് & വില്ലേജ് പാസ്റ്റർ
മുല്ലൈവനം, നമ്മുടെ ബൈബിൾകോർ
ബൈബിൾ കറസ്പോൻസ് ഗ്രാജുവേറ്റ്, ചെയ്യൂർ.



പാ. ജെബാ ദാനിയേൽ
വള്ളിയൂർ ടൗൺ



പാ. സ്റ്റീഫൻ കാർത്തിക്
വിരുദുനഗർ ടൗൺ

**CHIEF EDITOR**
Angeline Selvakumari Henry, M.A., M.Ed.

**MANAGING EDITOR**
Pastor Alex Samson Sam, B.Th., M.Div.

**ADMINISTRATION**
Bro. N. Prakasam, M.A., General Manager

**EDITORIAL BOARD**
Sis. Jesy Veena Sam
Sis. Serena Bevin, M.A., M.Phil., B.Ed.
Rev. Dr. K.R. Rajasekaran
Dr. A. Richard Samuel, M.A., Ph.D.

**EDITOR, PUBLISHER & PRINTER**
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 95661 31858

**CORE LEADERS**
Bro. K. Puratchivendan
Bro. A. Edward Durai
Bro. A. Alvin
Bro. K. Abraham
Sis. Dhanalakshmi Chinnaiah

**E.mail ID**
sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**
www.echoofhiscall.org
www.stpaulsmatriculation.com

**YOUTUBE CHANNEL**
Echo of His Call

Our Ministries: ECHO OF HIS CALL Monthly Magazines (16 languages) ◘ BIBLECOR - Postal Courses (3 languages) ◘ Online Courses ◘ Theological Correspondence Courses (2 languages) ◘ Church Planting ◘ Nehemiah Bible Colleges ◘ Gospel Printing Press ◘ Great Commission Partners ◘ St. Paul's Matriculation School ◘ Crusades ◘ Community Development



സി. ഏഞ്ചലിൻ സെൽവകുമാരി



പാ. സണ്ണി പ്രസാദ്



റവ.ഡോ.ആനന്ദ് ബാബു

ഓരോ ദിവസവും ഞങ്ങൾക്ക് മികച്ച പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

യുവജനങ്ങൾക്കായി പ്രത്യേക സെമിനാറുകൾ ഞങ്ങൾ പല സ്ഥലങ്ങളിലും സംഘടിപ്പിക്കുകയുണ്ടായി. സിസ്റ്റർ. ഏഞ്ചലിൻ സെൽവകുമാരി, റവ. സണ്ണി പ്രസാദ്, റവ. ആനന്ദ് ബാബു തുടങ്ങിയവരെ ദൈവം ശക്തമായി ഉപയോഗിച്ചു.

പ്രീയ സുഹൃത്തുക്കളേ, ഇവിടെ ദൈവവചനം സുവിശേഷിക്കുന്നത് എളുപ്പമുള്ള കാര്യമല്ല. പ്രവർത്തകരുടെ കുടുംബങ്ങളിലെ രോഗങ്ങൾ, സാത്താന്റെ നേരിട്ടുള്ള ആക്രമണങ്ങൾ, രാഷ്ട്രീയ ശക്തികൾ, ക്രിസ്തീയ വിരദ്ധ ഘടകങ്ങൾ, സാമ്പത്തിക ഞെരുക്കം തുടങ്ങിയ വിശദീകരിക്കാനും തിരിച്ചറിയാൻ കഴിയാത്തതുമായ ശക്തികൾക്കെതിരെ പോരാടേണ്ടതായുണ്ട്. ദുഷ്കരമായ സാഹചര്യങ്ങളിൽ ഞങ്ങൾ പോരാടുകയാണ്. ഞങ്ങൾ ഉൾപ്പെടെയുള്ള എല്ലാ യഥാർത്ഥ ദൈവദാസന്മാരുടെയും അവസ്ഥ ഇതുതന്നെയാണ്. പ്രാർത്ഥനയിലൂടെയും പിന്തുണയിലൂടെയും ഞങ്ങളെ താങ്ങിയില്ലെങ്കിൽ നഷ്ടപ്പെട്ടുപോകുന്ന ആത്മാക്കളുടെ അടുത്തെത്തുവാൻ ഞങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാകും. അതിനാൽ മുന്നോട്ടു വരുവിൻ.

1. നിങ്ങളുടെ പ്രാർത്ഥനാസമയം വർദ്ധിപ്പിക്കുവിൻ. സഭാവിഭാഗവ്യത്യാസമെന്യേ ഇന്ത്യയിലും പുറത്തുമുള്ള എല്ലാ ദൈവദാസന്മാരും മുന്നോട്ടു കടന്നുവരുവിൻ.
2. പാസ്റ്റർമാർ, സുവിശേഷകർ, സംഗീതജ്ഞർ, സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ അദ്ധ്യാപകർ, നെഹെമ്യ ബൈബിൾ കോളേജുകളിലെ അദ്ധ്യാപകർ, ഭരണസംബന്ധമായ ജീവനക്കാർ, സൂപ്പർവൈസർമാർ, സാങ്കേതിക ഉദ്യോഗസ്ഥർ, തുടങ്ങിയ നിലകളിൽ സേവനം ചെയ്യുവിൻ.
3. ഞങ്ങളുടെ തൊഴിലാളികളുടെ അടിസ്ഥാന ആവശ്യങ്ങൾ, അച്ചടിക്കാനുള്ള കടലാസ് / മഷി, തപാൽ ചെലവ്, കെട്ടിട വാടക, അറ്റകുറ്റപ്പണികൾ തുടങ്ങിയവയുടെ നിരക്കുകൾ വളരെയധികം വർദ്ധിച്ചതിനാൽ, കർത്താവ് നയിക്കുന്നതു പോലെ നിങ്ങളുടെ സാമ്പത്തിക സഹായം വർദ്ധിപ്പിക്കുവിൻ.

## ഏരിയ മീറ്റിംഗുകൾ

കോവിഡ് 19 നു ശേഷമുള്ള ഞായർ ആരാധനകളിലുള്ള അംഗങ്ങളുടെ കുറവു നികത്തുവാനായി വെള്ളിയാഴ്ച വൈകുന്നേരം 6.00 മണി മുതൽ 7.30 മണി വരെ അംഗങ്ങൾക്കായി ഏരിയ മീറ്റിംഗുകൾ സംഘടിപ്പിക്കുന്നു. ഞങ്ങളുടെ ഏരിയ നേതാക്കളുടെ സഹായത്തോടെ ഞങ്ങൾ അവരെ കാണുകയും വ്യക്തിപരമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഞങ്ങൾ അവരെ കുടുംബമായി ക്ഷണിക്കുകയും അവരുടെ പ്രശ്നങ്ങൾ പങ്കിടുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ ഈ ശ്രമം വിജയകരമായതിനാൽ ഞായർ ആരാധനകൾക്ക് കൂടുതൽ പേർ പങ്കെടുക്കുന്നുണ്ട്. ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ പരിശുദ്ധ നാമത്തിന് സ്തോത്രം കരേറ്റുന്നു.

ജാതി-മത-വർണ്ണ വ്യത്യാസമെന്യെ കോവിഡ് 19 ബാധിച്ച ദരിദ്രരായ ചിലരെ കഴിഞ്ഞ വർഷങ്ങളിൽ ചെറിയ രീതിയിലെങ്കിലും സഹായിക്കാൻ ദൈവകൃപയാൽ ഞങ്ങൾക്കു സാധിച്ചു. സാധാരണക്കാരായ ജനങ്ങൾ കോവിഡിനു ശേഷമുള്ള ദൂഷ്യഫലങ്ങളാലും മറ്റു അസുഖങ്ങളാലും ഇപ്പോഴും പ്രയാസപ്പെടുകയാണ്. ദരിദ്രരുടെയും അധഃസ്ഥിതരുടെയും ആരോഗ്യ, വിദ്യാഭ്യാസ മേഖലയിൽ സഹായം നൽകുവാൻ ഞങ്ങൾക്ക് പണം ആവശ്യമുണ്ട്. നിങ്ങളെ പ്പോലെയുള്ള ചിലരെ ഇതിനായി ഒരുക്കുവാൻ ഞങ്ങൾ



ദൈവത്തോടു പ്രാർത്ഥിക്കുകയാണ്. ഈ പൊതുവായ ആവശ്യത്തിൽ പങ്കുചേരുവാൻ ദൈവം നിങ്ങളെ നയിക്കുകയാണെങ്കിൽ നിങ്ങളുടെ ചെക്കുകളും ഡ്രാഫ്റ്റുകളും എക്കൊ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റിന്റെ പേരിൽ രേഖപ്പെടുത്തി അയക്കാവുന്നതാണ് (ഇന്ത്യക്കകത്തുനിന്നും അയക്കുന്നവർക്ക് 80 ജി പ്രകാരം ആദായനികുതി ഇളവു ലഭിക്കുന്നതാണ്). എക്കൊ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് സർക്കാർ അംഗീകരിച്ച ചാരിറ്റി സംഘടനയാണ്.

നിങ്ങൾക്കും നിങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടിയും ഞങ്ങൾ നിരന്തരമായി പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ കൂടുതൽ കൂടുതൽ അനുഗ്രഹിക്കുകയും 2023, പുതുവർഷത്തിൽ പുതിയ ശക്തി, ജ്ഞാനം, ദീർഘായുസ്സ് എന്നിവ നൽകി മുന്നോട്ടു പോകുവാൻ നിങ്ങളെ പ്രാപ്തരാക്കുകയും ചെയ്യട്ടെ.

**യഹോവ നിന്നെ അനുഗ്രഹിച്ചു കാക്കുമാറാകട്ടെ; യഹോവ തിരുമുഖം നിന്റെ മേൽ പ്രകാശിപ്പിച്ചു നിന്നോടു കൃപയുള്ളവനാകട്ടെ** (സംഖ്യാപുസ്തകം 6:24,25).

ക്രിസ്തുയേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ
**പാസ്റ്റർ സാം സെൽവരാജ്, അലക്സ് സാംസൺ സാം**
(+91) 98412 71858 / 98410 71858 E.mail : samselvaraj333@gmail.com

---

... 1-ാം പേജിന്റെ തുടർച്ച

**അവന്നു യേശു എന്നു പേർ ഇടേണം" എന്നു പറഞ്ഞു. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും, അവന്നു ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും" എന്നു പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു നിവൃത്തിയാകുവാൻ ഇതൊക്കെയും സംഭവിച്ചു. യോസേഫ് ഉറക്കം ഉണർന്നു, കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ ചെയ്തു, ഭാര്യയെ ചേർത്തുകൊണ്ടു** (മത്തായി 1:18-24).

യോസേഫിൽനിന്നും നമുക്ക് തുടങ്ങാം. ക്രിസ്തുമസ്സിന്റെ ചരിത്രത്തിലെ ഏറ്റവും വില കുറച്ചതും അവഗണിക്കപ്പെട്ടതുമായ കഥാപാത്രമാണ് യോസേഫ്. അദ്ദേഹത്തിന് ഉപനായക വേഷമാണ് ഉള്ളത്. അദ്ദേഹത്തെക്കുറിച്ച് കൂടുതലൊന്നും നമുക്ക് അറിഞ്ഞുകൂടാ. എന്നാൽ യോസേഫ് ചെറുപ്പക്കാരനും ദരിദ്രനുമായ ഒരു സാധാരണ വ്യക്തിയായിരുന്നു. അയാൾക്ക് പണമില്ലായിരുന്നു, ഗ്രാമത്തിൽ ഒരു ചെറിയ ജോലി ഉണ്ടായിരുന്നിരി

ക്കാം. അവന്റെ വിവാഹ നിശ്ചയം കഴിഞ്ഞു എന്നതൊഴികെ മറ്റൊന്നും അവനെക്കുറിച്ച് നമുക്ക് അറിഞ്ഞുകൂടാ. മറിയയുമായി വിവാഹനിശ്ചയം കഴിഞ്ഞപ്പോൾ മറിയയ്ക്ക് പരിശുദ്ധാത്മാവിനാൽ ഒരു മകൻ പിറന്നു.

സുഹൃത്തുക്കളേ, ഇതു നിങ്ങൾക്കാണ് സംഭവിച്ചതെങ്കിൽ നിങ്ങൾ വിശ്വസിക്കുമോ? ഇതുവരെ നൽകിയതിൽ വച്ച് ഏറ്റവും നികൃഷ്ടവും അതിരുകടന്നതും യുക്തിരഹിതവുമായ സംഭവമാണിത്. പക്ഷെ അതു സത്യമാണ്. ഇത് യോസേഫിന് ഒരു പരീക്ഷണമാണ്.

യോസേഫ് നീതിമാനും തന്റെ ഭാര്യയെ അപമാനിക്കാൻ ആഗ്രഹവുമില്ലാത്തവനാണെന്ന് ബൈബിൾ പറയുന്നു. ഒന്നാം അദ്ധ്യായത്തിൽ, യോസേഫ് ഒരു നല്ല വ്യക്തിയാണെന്നും മറിയയെ പരസ്യമായി മോശക്കാരിയാക്കാൻ ആഗ്രഹിക്കാത്തതുകൊണ്ട് അവളെ രഹസ്യമായി ഉപേക്ഷിക്കുവാൻ പദ്ധതിയിട്ടു എന്നും വായിക്കുന്നു. **അവളുടെ ഭർത്താവായ യോസേഫ് നീതിമാനാകകൊണ്ടും അവൾക്കു ലോകാപവാദം വരുത്തുവാൻ അവന്നു മനസ്സില്ലായ്കകൊണ്ടും അവളെ ഗൂഢമായി ഉപേക്ഷിപ്പാൻ ഭാവിച്ചു** (മത്തായി 1:19). അക്കാലത്ത് വിവാഹനിശ്ചയം വിവാഹം പോലെയായിരുന്നു. അത് കരാറായിരുന്നതിനാൽ ലംഘിക്കാൻ പാടില്ലായിരുന്നു. ഈ നിശ്ചയത്തിൽ നിന്നും ഒഴിവാകണമെങ്കിൽ വിവാഹമോചനം ചെയ്യണമായിരുന്നു. അതാണ് രഹസ്യമായി ഉപേക്ഷിക്കാൻ പദ്ധതിയിട്ടത്. എന്നാൽ ഒരു ദൂതൻ അവന് സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു. അവൻ ഉണർന്നപ്പോൾ ദൂതൻ പറഞ്ഞതുപോലെ അവൻ ചെയ്തു. മറിയയെ ഭാര്യയായി വീട്ടിൽ കൊണ്ടു പോയി. **യോസേഫ് ഉറക്കം ഉണർന്നു; കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ ചെയ്തു, ഭാര്യയെ ചേർത്തുകൊണ്ടു** (മത്തായി 1:24). ഏറ്റവും അസാദ്ധ്യവും അസംഭവ്യവുമായ ഈ സംഭവം വിശ്വസിക്കാൻ ദൈവത്തിലുള്ള വലിയ വിശ്വാസം ആവശ്യമാണ്. അതു പോലെ തന്റെ ജീവിതത്തിൽ താൻ സങ്കല്പിച്ചതിലും ആഗ്രഹിച്ചതിലും അപ്പുറമായ അനുഗ്രഹങ്ങൾ നൽകാനുള്ള പദ്ധതി ദൈവത്തിനുണ്ടെന്നു വിശ്വസിക്കാനും അചഞ്ചലമായ വിശ്വാസം ആവശ്യമാണ്.

നാം ശ്രദ്ധിക്കേണ്ട ആദ്യ കാര്യം ഇതാണ്: നിങ്ങളുടെ ബിസിനസ്സിൽ, വിവാഹത്തിൽ, ബന്ധങ്ങളിൽ, സൗഹൃദങ്ങളിൽ, സാമ്പത്തിക കാര്യങ്ങളിൽ ദൈവത്തിന്റെ അനുഗ്രഹം ലഭിക്കണമെങ്കിൽ യോസേഫ് ചെയ്തതുപോലെ ദൈവത്തിന്റെ പദ്ധതിക്കായി സഹകരിക്കുക, സ്വന്തം ചിന്തകൾ വെടിയുക. ഇത് യോസേഫിന്റെ ജീവിതത്തിലെ വഴിത്തിരിവാണ്. മറിയയുമായുള്ള ജീവിതത്തെക്കുറിച്ച് അവൻ പദ്ധതിയിട്ടു. പക്ഷെ ദൈവത്തിന്റെ പദ്ധതി വലിയതും മികച്ചതായിരുന്നു. ദൈവത്തിന്റെ പദ്ധതി അർത്ഥശൂന്യമെന്ന് തോന്നിയാലും അതുമായി സഹകരിക്കുവിൻ, അത് പിന്നീട് അർത്ഥമുള്ളതാകും.

പ്രീയ സ്നേഹിതരേ, ദൈവത്തിന് ഒരു വലിയ പദ്ധതിയുണ്ട്. ...**ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു; അവ തിന്മെക്കല്ല നന്മെക്കത്രേയുള്ള നിരൂപണങ്ങൾ എന്നു യഹോവയുടെ അരുളപ്പാട്** (യിരെമ്യാവ് 29:11) എന്നു ബൈബിൾ പറയുന്നു. ഞാൻ എന്തു ചെയ്യുന്നു എന്നു എനിക്കറിയാം എന്നു ദൈവം പറയുന്നു. എല്ലാം ഞാൻ ആസൂത്രണം ചെയ്തിട്ടുണ്ട്. അത് നിങ്ങളെ ഉപദ്രവിക്കാനല്ല, പരിപാലിക്കാനാണ്. ദൈവം നല്ലവനാണ്. നിങ്ങൾ ആഗ്രഹിക്കുന്ന ഭാവി ഈ പദ്ധതിയിലൂടെ നിങ്ങൾക്കു ലഭിക്കും. നിങ്ങൾ ദൈവത്തിലാണോ അതോ നിങ്ങളുടെ സ്വയത്തിലാണോ വിശ്വസിക്കുന്നത്? ദൈവത്തിന്റെ പദ്ധതികളിലാണോ അതോ നിങ്ങളുടെ പദ്ധതികളിലാണോ നിങ്ങൾ വിശ്വസിക്കുന്നത്? ദൈവാനുഗ്രഹങ്ങൾ ജീവിതത്തിൽ ഉണ്ടാകണമെങ്കിൽ ദൈവത്തിന്റെ പദ്ധതിയുമായി നിങ്ങൾ സഹകരിക്കണം. അതാണ് യോസേഫ് ആദ്യത്തെ ക്രിസ്തുമസ്സിൽ ചെയ്തത്. അതിനാൽ യോസേഫിനെപ്പോലെ ദൈവത്തിന്റെ പരിപാടികളുമായി നമുക്ക് സഹകരിക്കാം.

## 2. ഇടയന്മാർ ആഘോഷിച്ചു

**ദൂതൻ അവരോടു: ഭയപ്പെടേണ്ടാ; സർവ്വജനത്തിന്നും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവു ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു** (ലൂക്കൊസ് 2:10,11).



ഇടയന്മാർ സമൂഹത്തിലെ താഴെ തട്ടിൽ ഉള്ളവരാണ്. റോമാസാമ്രാജ്യത്തിലും പുതിയനിയമ കാലഘട്ടത്തിലും ഇവർ നിന്ദ്യരായിരുന്നു. അവർ ആടുകളുടെ നാറ്റം പേറുന്നവരും ജടകെട്ടിയവരും നനവുള്ളവരും ആയിരുന്നു. അവർക്ക് ആടുകളുടെ നാറ്റം ഉണ്ടായിരുന്നതിനാൽ ജന്മദിനാഘോഷങ്ങൾക്കൊന്നും ഇവരെ ആരും ക്ഷണിക്കുകയില്ലായിരുന്നു. സമൂഹത്തിൽ അല്പം പോലും ബഹു

06-ാം പേജിൽ തുടരും...


# നെഹെമ്യ ബൈബിൾ

**റസിഡൻഷ്യൽ/ സായാഹ്ന കോളേജ്**

വേളാച്ചേരി/ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ

ഭാഷ : ഹിന്ദി/തമിഴ്

*അപേക്ഷകനുള്ള മെമ്പർഷിപ്പ്*

**ഏഷ്യ തിയോളജിക്കൽ അസ്സോസിയേഷൻ (ATA)**

കഴിഞ്ഞ 53 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

***വേദശാസ്ത്രത്തിൽ സർട്ടിഫിക്കറ്റ് : ഒരു വർഷം***

***വേദശാസ്ത്രത്തിൽ ഡിപ്ലോമ : രണ്ടു വർഷം***

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

**ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്**

**10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ**

**ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858**

E-mail : sam@echoofhiscall.org / Website : www.echoofhiscall.org

**✶ ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാണ് ✶**

GREAT COMMISSION PARTNERS

ECHO OF HIS CALL MINISTRIES
SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**ഡിസംബർ 19** : ഞങ്ങളുടെ സുവിശേഷ അച്ചടി ശാലയ്ക്കും കാര്യപ്രാപ്തിയുള്ള ജീവനക്കാർക്കും നിരന്തരമായ പ്രവർത്തനത്തിനുമായി.

**ഡിസംബർ 20** : സീനിയർ പാസ്റ്റർ എസ്. സാം സെൽവരാജിനെയും കുടുംബാംഗങ്ങളെയും ദുഷ്ട ശക്തികളിൽ നിന്നും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതിനായി.

**ഡിസംബർ 21** : എല്ലാ അസ്സോസിയേറ്റ് എഡിറ്റർമാർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി.

**ഡിസംബർ 22** : സുവിശേഷം എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷവുമായി കടന്നു ചെല്ലാൻ തന്ന കൃപക്കായി.

**ഡിസംബർ 23** : ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുന്ന ഞങ്ങളുടെ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ് എന്നിവക്കായി.

**ഡിസംബർ 24** : ഞങ്ങളുടെ അസ്സോസിയേറ്റ് എഡിറ്റർമാർക്കും, കോഡിനേറ്റർമാർക്കും കുടുംബാംഗങ്ങൾക്കുമായി.

**ഡിസംബർ 25** : നമ്മെയെല്ലാം രക്ഷിക്കുവാൻ ലോകരക്ഷകനായ യേശുക്രിസ്തു പിറന്നതിനായി.

**ഡിസംബർ 26** : കൊറോണ വൈറസിന്റെ ശക്തി കുറഞ്ഞുവരുന്നതിനായി.

**ഡിസംബർ 27** : നമ്മുടെ ജീവനക്കാരുടെ കുടുംബാംഗങ്ങളെ ദൈവം അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി.

**ഡിസംബർ 28** : മിഷണറി പ്രവർത്തകരുടെ പ്രതിബദ്ധതക്കായി.

**ഡിസംബർ 29** : ക്രിസ്തീയ സംഘടനകളുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾ സുഗമമായി നടത്തിയതിനായി.

**ഡിസംബർ 30** : ഈ വർഷം മുഴുവനും ദൈവദാസന്മാരെ ദൈവീക സംരക്ഷണയിൽ കാത്തു പരിപാലിച്ചതിനായി.

**ഡിസംബർ 31** : 2022-ലെ എല്ലാ ആവശ്യങ്ങളും അത്ഭുതകരമായി നടത്തിത്തന്നതിനായി.

**ജനുവരി 01** : ലോകമെമ്പാടുമുള്ള എല്ലാ വായനക്കാർക്കും മറ്റു ജനങ്ങൾക്കും 2022 മുഴുവനും സമാധാനത്തോടെ ആയിരിപ്പാനും 2023 എന്ന പുതുവർഷത്തിൽ പ്രവേശിക്കുവാനും സഹായിച്ചതിനായി.

**ജനുവരി 02** : കൂടുതൽ വിശ്വാസികളെ നൽകി മുഖ്യസഭയെയും ശാഖാസഭകളെയും അനുഗ്രഹിച്ചതിനായി.

**ജനുവരി 03** : എല്ലാ സഭകളെയും വിശ്വാസികളെയും 2023-ൽ നല്ല വാഗ്ദാനങ്ങൾ നൽകി അനുഗ്രഹിക്കുവാൻ പോകുന്നതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**ജനുവരി 04** : വിളിയുടെ പ്രതിധ്വനിയുടെ മാദ്ധ്യമ ശുശ്രൂഷക്കായി ഒരു വീഡിയോ ക്യാമറ ലഭ്യമാകുവാൻ.

**ജനുവരി 05** : സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്, തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്നിവയിലെ പ്രിൻസിപ്പാൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ജീവനക്കാർ എന്നിവർക്കായി.

**ജനുവരി 06** : ലോകത്തിലെ എല്ലാ ക്രിസ്തീയ വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രശസ്തി നിലനിറുത്തുവാൻ.

**ജനുവരി 07** : എല്ലാ കുടുംബങ്ങളിലും സമാധാനം നിലനിൽക്കുവാൻ.

**ജനുവരി 08** : ലോക ജനത പുതിയ രോഗങ്ങൾ പ്രതിരോധിക്കാനും ആരോഗ്യത്തോടെ ആയിരിക്കുവാനും.

**ജനുവരി 09** : ലോകം മുഴുവനുമുള്ള ജനങ്ങളുടെ വ്യക്തിഗത വരുമാനം വർദ്ധിക്കുവാൻ.

**ജനുവരി 10** : എല്ലാ ആലയങ്ങളിലും ദുഷ്ടശക്തികളിൽനിന്നും സംരക്ഷണം ലഭിക്കുവാൻ.

**ജനുവരി 11** : എല്ലാ ലോകനേതാക്കളും ദൈവീകജ്ഞാനത്താൽ നിറയുവാനും ജനങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുവാനും.

**ജനുവരി 12** : എല്ലാ പള്ളികളും ക്രിസ്തീയ സംഘടനകളും നിയമപരമായി സർക്കാരിൽ രജിസ്റ്റർ ചെയ്യുവാൻ.

**ജനുവരി 13** : യുവാക്കൾ അക്രമത്തിന്റെയും കൊലപാതകത്തിന്റെയും ദുരാത്മാവിന്റെ പിടിയിൽനിന്നും വിടുവിക്കപ്പെട്ട് പരിശുദ്ധാത്മാവിൽ നിറയപ്പെടുവാൻ.

**ജനുവരി 14** : രാജ്യങ്ങൾ തമ്മിലുള്ള സമാധാനത്തിനും സാമ്പത്തിക വികസനത്തിനുമായി.

**ജനുവരി 15** : വിളിയുടെ പ്രതിധ്വനിയുടെ ബഹുവിധമായ ശുശ്രൂഷകൾ അനുഗ്രഹിക്കപ്പെടുവാൻ.

**ജനുവരി 16** : ക്രിസ്ത്യാനികൾ വചനം പിന്തുടരുവാനും യേശുക്രിസ്തുവിന്റെ സ്വഭാവത്തിൽ ആയിത്തീരുവാനും.

**ജനുവരി 17** : 2023 പുതുവർഷത്തിലും പാസ്റ്റർ എസ്. സാം സെൽവരാജിന്റെയും കുടുംബാംഗങ്ങളുടെയുംമേൽ ദൈവത്തിന്റെ ശക്തമായ കരം ഉണ്ടായിരിക്കുവാൻ.

**ജനുവരി 18** : നമ്മുടെ വരിക്കാരായ പങ്കാളികൾ, പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യപങ്കാളികൾ എന്നിവരും കുടുംബാംഗങ്ങളും അനുഗ്രഹിക്കപ്പെടുവാൻ.

*... 4-ാം പേജിന്റെ തുടർച്ച*

മാന്യത ഇല്ലാത്തവരുമായിരുന്നു. പക്ഷെ ദൈവം തന്റെ മഹിമയിൽ നിന്നും സമൂഹത്തിന്റെ താഴെത്തട്ടിൽ ഉള്ള ഇടയന്മാരെ തന്റെ മകന്റെ ജനനത്തിനു സാക്ഷിയാകാൻ ക്ഷണിച്ചു. അവർ ചെന്നായ്ക്കളിൽനിന്നും വേട്ടക്കാരിൽനിന്നും ആടുകളെ രക്ഷിക്കാനായി ആടുകളുടെ കൂടെ പുല്ലിൽ തന്നെയാണ് കിടന്നിരുന്നത്. അർദ്ധരാത്രിയിൽ ദൂതന്മാർ അവരെ ഉണർത്തിയപ്പോൾ പെട്ടെന്ന് ആകാശം പ്രകാശപൂരിതമായി **ഭയപ്പെടേണ്ട, സർവ്വജനത്തിനും ഉണ്ടാവാനുള്ളൊരു മഹാസന്തോഷം** അവരെ അറിയിച്ചു എന്ന് വേദപുസ്തകം പറയുന്നു. പെട്ടെന്ന് ഒരു ദൂതനെ കാണുകയാണെങ്കിൽ എല്ലാവരും ഭയപ്പെട്ടുപോകും എന്നുള്ളതുകൊണ്ടാണ് **ഭയപ്പെടേണ്ട** എന്ന് അവർ എപ്പോഴും പറയുന്നത്. ക്രിസ്തുമസ് ക്രിസ്ത്യാനികൾക്കു മാത്രമുള്ളതല്ല, എല്ലാവർക്കും ഉള്ളതാണ്.

യേശു ഭൂമിയിൽ വരികയും കുരിശിൽ മരിക്കുകയും ചെയ്തത് ചിലർക്കുവേണ്ടി മാത്രമല്ല, എല്ലാവർക്കും വേണ്ടിയാണ്. ഇത് സർവ്വജനത്തിനുമുള്ള സന്തോഷവാർത്തയാണ്. ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി രക്ഷകൻ ജന്മമെടുത്തിരിക്കുന്നു എന്നാണ് ദൂതന്മാർ പറഞ്ഞത്. യേശു കർത്താവായ ക്രിസ്തു ആണ്, അത് ജനങ്ങളുടെ നന്മക്കായിട്ടാണ്. ആട്ടിടയന്മാർ ബെത്‌ലഹേമിലേക്ക് ഓടി. നാം ഇങ്ങനെ വായിക്കുന്നു: **അവർ ബദ്ധപ്പെട്ടു ചെന്നു, മറിയയെയും യോസേഫിനെയും പശുത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെയും കണ്ടു. കണ്ടശേഷം ഈ പൈതലിനെക്കുറിച്ചു തങ്ങളോടു പറഞ്ഞ വാക്ക് അറിയിച്ചു. കേട്ടവർ എല്ലാം ഇടയന്മാർ പറഞ്ഞതിനെക്കുറിച്ചു ആശ്ചര്യപ്പെട്ടു** (ലൂക്കൊസ് 2:16-18).

ഇടയന്മാർ പൈതലിനെ കണ്ടശേഷം ദൈവത്തിനു സ്തുതിയും നന്ദിയും കരേറ്റുന്ന പാട്ടുകൾ പാടിയുംകൊണ്ടു മടങ്ങിപ്പോയി. ദൂതന്മാർ പറഞ്ഞതുപോലെ കണ്ടതിനാൽ സന്തോഷത്തോടെ പാട്ടുകൾ പാടിയും ദൈവത്തിനു നന്ദി പറഞ്ഞുംകൊണ്ട് അവർ ആഘോഷിച്ചു. ക്രിസ്തുമസ്സ് ഒരു ആഘോഷമാണ് അതുകൊണ്ടാണ് ക്രിസ്തുമസ്സ് ആശംസകൾ എന്നു പറയുന്നത്.

ക്രിസ്തുവിന്റെ ജനനം എല്ലാവർക്കും സന്തോഷത്തിന്റെ സുവാർത്തയാണ്. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. അതാണ് ഏറ്റവും നല്ല വാർത്ത. നിങ്ങളുടെ പാപങ്ങൾ മോചിക്കപ്പെടും, ജീവിതത്തിന് ലക്ഷ്യമുണ്ടാകും, ക്രിസ്തുമസ്സിലൂടെ സ്വർഗ്ഗത്തിൽ നിങ്ങൾക്കു സ്ഥാനവുമുണ്ടാകും. ഇത് സന്തോഷമുള്ള അവസരമാണ്. ഇനി നമ്മൾ ശ്രദ്ധിക്കേണ്ട രണ്ടാമത്തെ കാര്യം ഇതാണ്. നിങ്ങൾക്ക് അനുഗ്രഹം ലഭിക്കണമെങ്കിൽ നിങ്ങൾ ഇടയന്മാരെപ്പോലെ ആഘോഷിക്കണം. ദൈവം നമ്മോടുകൂടെ ഉണ്ട്. ക്രിസ്തുമസ്സ് കാലത്ത് യേശുവിനെ കൂടാതെ എല്ലാ ആഘോഷങ്ങളും നടത്തുന്നതുകാണുമ്പോൾ ഭയം തോന്നുന്നു. പക്ഷെ ദൈവം നമ്മോടു കൂടെ എന്നുള്ളതാണ് ക്രിസ്തുമസ്സ് ആഘോഷത്തിന്റെ മുഴുവൻ ഉദ്ദേശ്യവും. അവൻ ഭൂമിയിലേക്ക് വന്നതിനാൽ ഞാൻ ഏകനല്ല. നമ്മുടെ ജീവിതത്തെക്കുറിച്ച് അവന് ഒരു പദ്ധതിയുണ്ട്, അവൻ നമ്മെ സ്നേഹിക്കുന്നു, അവൻ നമ്മോടു ക്ഷമിക്കുകയും ചെയ്യുന്നു.

ഇടയന്മാർ ആഘോഷിക്കുക മാത്രമല്ല ആശയവിനിമയം നടത്തുകയും ചെയ്തു. അവർ എല്ലാവരോടുമായി ഈ സദ്വാർത്ത പങ്കിട്ടു. ലോകത്തിലെ ഏറ്റവും നല്ല ഈ വാർത്ത നിങ്ങൾ ആരോടെങ്കിലും പങ്കുവച്ചിട്ടുണ്ടോ? നമുക്കു ലഭിച്ച ഈ സദ്വാർത്ത പാപത്തിൽ നന്നുള്ള മോചനവും, ജീവിതത്തിന് ലക്ഷ്യം നൽകുന്നതും, സ്വർഗ്ഗത്തിൽ ഒരു സ്ഥാനം തരുന്നതും ആകുന്നു. യേശുക്രിസ്തുവിൽ പൂർണ്ണമായി വിശ്വസിക്കുകയും അവനെ അംഗീകരിക്കുകയും ചെയ്യുന്നവർക്ക് ഇത് ലഭിക്കും. സുഹൃത്തുക്കളേ, നിങ്ങൾ ഈ സദ്വാർത്ത പങ്കുവച്ചുവോ? ആട്ടിയന്മാർ ഈ സദ്വാർത്ത അവരുമായ ബന്ധപ്പെട്ട എല്ലാവരോടും പറഞ്ഞു എന്ന് വേദപുസ്തകം പറയുന്നു. അവർ ആഘോഷിച്ചു എങ്കിൽ യോസേഫ് സഹകരിച്ചു. ദൈവം നമ്മോടൊപ്പമുള്ളത് ഇടയന്മാർ ആഘോഷിച്ചതുപോലെയും ഈ സദ്വാർത്ത മറ്റുള്ളവരുമായി പങ്കുവച്ചതുപോലെയും നമുക്കും ആയിരിക്കാം.

## 3. മറിയ ധ്യാനിച്ചു

**കണ്ടശേഷം ഈ പൈതലിനെക്കുറിച്ചു തങ്ങളോടു പറഞ്ഞ വാക്കു അറിയിച്ചു. കേട്ടവർ എല്ലാവരും ഇടയന്മാർ പറഞ്ഞതിനെക്കുറിച്ചു ആശ്ചര്യപ്പെട്ടു. മറിയ ഈ വാർത്ത ഒക്കെയും ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനിച്ചുകൊണ്ടിരുന്നു** (ലൂക്കൊസ് 2:17-19).

യോസേഫിനെ വിവാഹം കഴിക്കുന്നതിനുമുമ്പെ തന്നെ മറിയ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായിരുന്നു. അപ്പോൾ അവർക്ക് ഏകദേശം പതിമൂന്നു വയസ്സായിരുന്നു എന്ന് അനുമാനിക്കാം. യോസേഫുമായി വിവാഹ നിശ്ചയം മാത്രമേ കഴിഞ്ഞിരുന്നുള്ളൂ. അവൾ ദൈവപുത്രനെ ഗർഭപാത്രത്തിൽ ചുമക്കുന്നുണ്ടായിരുന്നു. ആരും അത് വിശ്വസിക്കയില്ല എന്ന് മറിയക്ക് അറിയാമായിരുന്നെങ്കിലും അവൾ ഭയപ്പെട്ടില്ല. അതിന്റെ കാരണം ദൈവം അവൾക്കു നൽകിയ വാഗ്ദത്തത്തിന്റെ



ഓർമ്മയായിരുന്നു. യോസേഫ് സഹകരിക്കുകയും ഇടയന്മാർ ആഘോഷിക്കുകയും ചെയ്തപ്പോൾ മറിയ ആലോചനയിലായിരുന്നു. അവൾ ദൈവവചനത്തെക്കുറിച്ച് ചിന്തിക്കുകയായിരുന്നു. ഇടയന്മാർ ദൂതൻ അവരോടു ഈ പൈതലിനെക്കുറിച്ച് അറിയിച്ചതും മറ്റെല്ലാ സംഭവങ്ങളും അവരെ അറിയിച്ചു. കേട്ടവരെല്ലാം ആശ്ചര്യപ്പെട്ടു. പക്ഷെ മറിയ താൻ കേട്ട വാക്കുകളെല്ലാം നിധി പോലെ സൂക്ഷിക്കുകയും അവയെല്ലാം ഹൃദയത്തിൽ സംഗ്രഹിക്കുകയും ചെയ്തു. മശിഹയെ തങ്ങളുടെ ഉദരത്തിൽ വഹിക്കാൻ ആഗ്രഹിച്ചിരുന്ന യുവതികളിൽനിന്നും ദൈവം മറിയയെ തെരഞ്ഞെടുത്തത് അവൾ ദൈവത്തിന്റെ വാക്കുകൾക്ക് ശ്രദ്ധ കൊടുത്തതുകൊണ്ടായിരുന്നു. ദൈവം സംസാരിച്ചപ്പോൾ അവൾ ശ്രദ്ധിച്ചു കേട്ടു. അവൾ കേൾക്കുക മാത്രമല്ല, അവൾ ഓർക്കുകയും ചിന്തിക്കുകയും ധ്യാനിക്കുകയും നിശബ്ദമായി എല്ലാം ആലോചിക്കുകയും ചെയ്തുകൊണ്ടിരുന്നു. മാലാഖമാർ പറഞ്ഞത് എല്ലാവരും കേട്ട് ആശ്ചര്യപ്പെട്ടു എങ്കിലും മറിയ അത് ഹൃദയത്തിൽ സംഗ്രഹിച്ചു. എത്രമാത്രം വ്യത്യാസമാണ്! നിങ്ങൾ വചനത്തിൽ വിശ്വസിക്കുന്ന വ്യക്തിയാണെങ്കിൽ നിങ്ങൾ ഒരിക്കലും പ്രതീക്ഷിക്കാത്ത വിധത്തിൽ ദൈവത്തിനു നിങ്ങളെ അനുഗ്രഹിക്കാൻ കഴിയും. നിങ്ങൾ ലൗകികമായതു ചിന്തിക്കുകയാണെങ്കിൽ നിങ്ങൾക്ക് അനുഗ്രഹത്തിന് അർഹതയില്ല. കാരണം നിങ്ങൾ വചനത്തിൽ വിശ്വസിക്കാതെ ലൗകീകമായതു ചിന്തിക്കുന്നു.

നിങ്ങൾ മറിയയെപ്പോലെ അനുഗ്രഹിക്കപ്പെടണമെങ്കിൽ ദൈവവചനം നിരന്തരമായി ധ്യാനിക്കണം. ദൈവം അവളുടെ ഹൃദയത്തിൽ പറഞ്ഞതിനെക്കുറിച്ച് അവൾ നിരന്തരം ധ്യാനിച്ചു എന്ന് വചനം പഠിപ്പിക്കുന്നു. ദൈ

വചനത്തെ നിരന്തരം ധ്യാനിക്കുവിൻ. ഇത് സ്ത്രീകൾക്കുവേണ്ടി മാത്രമുള്ള വാഗ്ദാനമല്ല. വചനത്തെ സ്നേഹിക്കുകയും പഠിക്കുകയും ചെയ്യുന്ന എല്ലാവർക്കും വേണ്ടിയുള്ളതാണ്. **സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം ഉറ്റുനോക്കി അതിൽ നില നില്ക്കുന്നവനോ കേട്ടു മറക്കുന്നവനല്ല, പ്രവൃത്തി ചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ ഭാഗ്യവാൻ ആകും** (യാക്കോബ് 1:25).

നിങ്ങളെ സ്വതന്ത്രരാക്കുന്ന ദൈവത്തിന്റെ പൂർണ്ണതയുള്ള വചനം നിങ്ങൾ ശ്രദ്ധാപൂർവ്വം പഠിക്കുകയാണെങ്കിൽ സത്യം നിങ്ങളെ സ്വതന്ത്രരാക്കും. വചനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ചെയ്യുകയാണെങ്കിൽ നിങ്ങൾ അനുഗ്രഹിക്കപ്പെടും. വേദപുസ്തകം നിങ്ങളുടെ വീട്ടിലോ മേശപ്പുറത്തോ ഉണ്ടായിട്ടു കാര്യമില്ല. അത് വായിക്കുക, പഠിക്കുക, ഓർമ്മിക്കുക ധ്യാനിക്കുക, ചിന്തിക്കുക, പ്രവർത്തിക്കുക എന്നിവയിലൂടെ മാത്രമേ അനുഗ്രഹം പ്രാപിക്കുവാൻ സാധിക്കുകയുള്ളു. നിങ്ങൾ ഇത് പിന്തുടരുന്നതിൽ സ്ഥിരത പുലർത്തുകയാണെങ്കിൽ നിങ്ങൾ അനുഗ്രഹിക്കപ്പെടും.

**ഈ ന്യായപ്രമാണ പുസ്തകത്തിലുള്ളതു നിന്റെ വായിൽനിന്നു നീങ്ങിപ്പോകരുതു; അതിൽ എഴുതിയിരിക്കുന്നതുപോലെ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിന്നു നീ രാവും പകലും അതു ധ്യാനിച്ചുകൊണ്ടിരിക്കേണം; എന്നാൽ നിന്റെ പ്രവൃത്തി സാധിക്കും; നീ കൃതാർത്ഥനായും ഇരിക്കും** (യോശുവ 1:8). അതിനാൽ വചനം ഓർക്കുക, പഠിക്കുക, ധ്യാനിക്കുക അനുസരിക്കുക, അപ്പോൾ നിങ്ങൾ അഭിവൃദ്ധി പ്രാപിക്കുകയും വിജയിക്കുകയും ചെയ്യും. അത് ദൈവത്തിന്റെ വാഗ്ദത്തമാണ്. ദൈവം കള്ളം പറയുകയില്ല. നിങ്ങൾ എത്രത്തോളം ദൈവവചനം പിന്തുടരുന്നുവോ അത്രയധികം വിജയം നിങ്ങളുടെ ജീവിതത്തിൽ കൊണ്ടുവരുവാൻ ദൈവത്തിനു കഴിയും. ഇത് ദൈവം നൽകുന്ന വാഗ്ദത്തമാണ്. ഇത് നേടണമെങ്കിൽ ദൈവവചനം ചിന്തിക്കുക, ധ്യാനിക്കുക, പ്രവർത്തിക്കുക എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു.

## 4. വിദ്വാന്മാർ പ്രതിഷ്ഠിച്ചു

**ആ വീട്ടിൽ ചെന്നു, ശിശുവിനെ അമ്മയായ മറിയയോടുകൂടെ കണ്ടു, വീണു അവനെ നമസ്കരിച്ചു; നിക്ഷേപപാത്രങ്ങളെ തുറന്നു അവന്നു പൊന്നും കുന്തുരിക്കവും മൂരും കാഴ്ചവെച്ചു** (മത്തായി 2:11).

ബാബിലോണിയൻ സാമ്രാജ്യമോ പേർഷ്യൻ സാമ്രാജ്യമോ ആയിരുന്ന ഇറാഖിൽ നിന്നോ ഇറാനിൽ നിന്നോ ഉള്ള രാജകീയ ഉപദേശകരെയോ ജ്യോതിശാസ്ത്രജ്ഞരെയോ പോലെയുള്ളവരാണ് ഈ വിദ്വാന്മാർ. ദാനീയേൽ ഒരു ജ്ഞാനിയായിരുന്നു. കിഴക്കുള്ള വിദ്വാന്മാർ ലോകത്തിൽവച്ച് ഏറ്റവും വിദ്യാസമ്പന്നരായിരുന്നു. അവർ ശാസ്ത്രജ്ഞരായിരുന്നു കൂടാതെ പണ്ഡിതന്മാരുമായിരുന്നു. ജ്യോതിശാസ്ത്രം, ആരോഗ്യം, ഭാഷകൾ, സാഹിത്യം എന്നിവയിൽ വിദഗ്ദരായിരുന്നു. ഇവർ ആട്ടിടയന്മാരിൽനിന്നും എല്ലാത്തിലും വിപരീതമായിരുന്നു. ഈ വിദ്വാന്മാർ കിഴക്കുനിന്നും ബെത്ലഹേമിലേക്ക് യാത്ര ചെയ്തു വന്നു.

ഇറാക്ക്, ഇറാൻ, പേർഷ്യ (ബാബിലോൺ) എന്നിവിടങ്ങളിൽനിന്ന് ബെത്ലഹേമിൽ എത്താൽ വളരെയധികം പണച്ചിലവ് ഉണ്ട്. പക്ഷെ, അവർ സമ്പന്നരായിരുന്നു. മാത്രമല്ല, ഈ യാത്രയ്ക്ക് വളരെയധികം സമയം മാറ്റി വയ്ക്കണവുമായിരുന്നു. പക്ഷെ അത് ഒരു ബൗദ്ധികമായ അന്വേഷണമായതുകൊണ്ടാണ് അവർ യാത്ര ചെയ്തത്. അവർ ആകാശത്തിൽ ഒരു പ്രത്യേക നക്ഷത്രം കണ്ടു. അവർ വേദഗ്രന്ഥങ്ങളും കൈയ്യെഴുത്തുപ്രതികളും പാരമ്പര്യങ്ങളും പഠിച്ചു. അങ്ങനെ ശിശു ബെത്ലഹേമിലാണ് ജനിക്കുന്നത് എന്നു മനസ്സിലാക്കി. അങ്ങനെ സമയവും പണവും ചെലവഴിച്ച് ബെത്ലഹേമിലേക്ക് തിരിച്ചു. അവർ സത്യത്തെയും ദൈവത്തെയും അന്വേഷിക്കുന്നു, അത് എപ്പോഴും ചെയ്വാൻ ഉത്തമമായതാണ്.

പ്രീയ സുഹൃത്തുക്കളേ, നിങ്ങൾ സത്യം അന്വേഷിക്കുകയാണോ? അങ്ങനെയെങ്കിൽ യേശുവിനെ സ്വാഗതം ചെയ്യൂ, അവൻ നിങ്ങളെ സ്വീകരിക്കും. യേശുവിന്റെ അടുക്കൽ വരുവാൻ നിങ്ങൾ ഒന്നും ചെയ്യേണ്ടതില്ല, ഇപ്പോൾ ആയിരിക്കുന്നതുപോലെ വരുവിൻ. ജ്ഞാനികൾ എപ്പോഴും ദൈവത്തെ അന്വേഷിക്കുന്നു. വിഡ്ഢികൾ മാത്രം അവനെ അന്വേഷിക്കുന്നില്ല. വിഡ്ഢികൾ ദൈവമില്ലാത്ത വഴികളിലൂടെ സഞ്ചരിച്ച് അനിവാര്യമായ മരണത്തെ പുൽകുന്നു. അമ്മയായ മറിയയോടുകൂടെ യേശുവിനെ കണ്ടപ്പോൾ വിദ്വാന്മാർ കുമ്പിട്ടു ആരാധിച്ചു. **ആ വീട്ടിൽ ചെന്നു ശിശുവിനെ അമ്മയായ മറിയയോടുകൂടെ കണ്ടു, വീണു അവനെ നമസ്കരിച്ചു; നിക്ഷേപപാത്രങ്ങളെ തുറന്നു അവന്നു പൊന്നും കുന്തുരുക്കവും മൂരും കാഴ്ചവെച്ചു** (മത്തായി 2:11).

അവർ മറിയയെ കുമ്പിട്ടു ആരാധിച്ചില്ല എന്നതു നാം ശ്രദ്ധിക്കണം. അവൾ ആ മുറിയിൽ തന്നെ ഉണ്ടായിരുന്നു. അവർ യേശുവിനെ മാത്രം വണങ്ങി നമസ്കരിച്ചു. പിന്നെ അവർ തങ്ങളുടെ നിക്ഷേപപാത്രങ്ങളെ തുറന്നു പൊന്ന്, കുന്തിരിക്കം, മൂര് എന്നിവ സമ്മാനമായി നൽകി. ഈ മൂന്നു സമ്മാനങ്ങളിൽ ഓരോന്നും യേശു തന്റെ ജീവിതത്തിലും മരണത്തിലും പുനരുത്ഥാനത്തിലും നമുക്കു വേണ്ടി എന്തൊക്കെ ചെയ്യും എന്നതിന്റെ പ്രതീകങ്ങളാണ്. സ്വപ്നത്തിലൂടെ ദൈവം മുന്നറിയിപ്പു നൽകിയതിനാൽ വിദ്വാന്മാർ വേറെ വഴിയായി മടങ്ങിപ്പോയി. യേശുവിനോടൊപ്പമുള്ള സമയങ്ങളിൽ അവൻ നിങ്ങളുടെ ദിശ മാറ്റുന്നു, നിങ്ങൾ നടക്കേണ്ടുന്ന വഴിയും മാറ്റുന്നു. നിങ്ങൾ ചെയ്യുന്ന ജോലിയുടെ രീതികളും മാറ്റുന്നു. ദൈവത്തെക്കാൾ വലിയവനായ മറ്റൊരാൾ വന്ന് നമ്മുടെ ജീവിതത്തെ മാറ്റി മറിക്കുവാൻ സാധിക്കുകയില്ല. ദൈവം നിങ്ങളുടെ ജീവിതത്തിൽ

09-ാം പേജിൽ തുടരും...

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | |
|---|---|
| Account Name | : ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : 1023 2923 805 |
| Bank Name | : STATE BANK OF INDIA |
| Branch | : TRIPLICANE, CHENNAI - 600 005 |
| IFSC Code | : SBIN 0000249 |
| SWIFT Code | : SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

## ബലഹീനരുടെ പ്രാർത്ഥനയ്ക്ക് ദൈവം ഉത്തരം നൽകുന്നു!

ഞാൻ ശുശ്രൂഷാ പരിശീലനം നേടിയും ലഘുലേഖ വിതരണം ചെയ്തും പ്രാർത്ഥനായോഗങ്ങൾ നയിച്ചും പള്ളികളിൽ വചനം പ്രഘോഷിച്ചുംകൊണ്ട് എന്റെ സുവിശേഷ ശുശ്രൂഷ 10-08-1969 മുതൽ ആരംഭിച്ചു.

ഞാൻ ചെറുപ്പവും വയലേലയിൽ പുതിയ വ്യക്തിയുമായതിനാൽ ആരും എന്നെ ദൈവദാസനായി അംഗീകരിച്ചില്ല. മാത്രവുമല്ല



ശുശ്രൂഷയിൽ തുടരുവാൻ സാമ്പത്തിക സ്ഥിതി തടസ്സവുമായിരുന്നു. അതിനാൽ എന്റെ ശുശ്രൂഷ തുടർന്നുകൊണ്ടു പോകുവാൻ മൈലുകളോളം എനിക്കു നടക്കേണ്ടിവന്നു. അതിനാൽ ദീർഘദൂര നടത്തവും പട്ടിണിയും എന്റെ ശുശ്രൂഷയുടെ ഭാഗമായിരുന്നു. ശുശ്രൂഷ ചെയ്യുവാനും അതിനുവേണ്ടിയുള്ള ഉപകരണങ്ങൾ വാങ്ങുവാനുമായി വലിയ സാമ്പത്തികം ആവശ്യമായിരുന്നു. എന്റെ ശുശ്രൂഷയുടെ ആരംഭം മുതൽ തന്നെ എന്റെ ബന്ധുക്കളുടെയോ സ്നേഹിതരുടെയോ അടുക്കൽ നിന്ന് ഇതിനുവേണ്ടി സഹായം അഭ്യർത്ഥിക്കുകയില്ല എന്ന് തീരുമാനിച്ചിരുന്നു. കാരണം, ദൈവം തന്റെ ശുശ്രൂഷയ്ക്ക് എന്നെ വിളിച്ചതിനാൽ അവന്റെ വേലക്കുള്ള ചിലവുകൾ ദൈവം തന്നെ വഹിക്കുമെന്ന് അറിയാമായിരുന്നു. ഇന്നുവരെയും ഈ തീരുമാനത്തിൽ മാറ്റം വരുത്താതെ ശുശ്രൂഷ ചെയ്യുവാൻ ദൈവം എന്നെ സഹായിക്കുന്നു. ഞാൻ ഈ തത്വം പിന്തുടർന്നതിനാൽ എനിക്ക് വിവർണ്ണ നാതീതമായ ബുദ്ധിമുട്ടുകളും വെല്ലുവിളികളും നേരിടേണ്ടി വന്നിട്ടുണ്ട്.



എനിക്കു പിടിച്ചുനിൽക്കാൻ പറ്റാത്ത ഒരു പ്രത്യേക സാഹചര്യം ഉണ്ടായപ്പോൾ, ഞാൻ ശാരീരികമായും മാനസികമായും ബാധിക്കപ്പെട്ടു. എന്റെ ഒരു ബന്ധുവായ ശ്രീ സ്വർണ്ണരാജ് എനിക്ക് ഗതാഗത വകുപ്പിൽ ജോലിക്കു ശ്രമിച്ചു, കൂടാതെ മത്തിക്കോട് പാലപ്പള്ളത്തുള്ള ദൈവദാസനായ കാലേബും എന്റെ ഒരു സുഹൃ പാലപ്പള്ളത്തുള്ള ദൈവദാസനായ കാലേബും എന്റെ ഒരു സുഹൃത്തും എനിക്ക് ഒരു സ്വകാര്യ സ്ഥാപനത്തിൽ ജോലിക്ക് ശ്രമിച്ചു. ഇതൊന്നും ഫലം കണ്ടില്ല.

അത്തരമൊരു സാഹചര്യത്തിൽ ഞാൻ 17-05-1971 ൽ ഞാൻ ഉപവാസത്തിലായിരുന്നപ്പോൾ ഒരു സ്ഥിരജോലി ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുവാൻ ദൈവാത്മാവ് എന്നെ പ്രേരിപ്പിച്ചു. ഈ പ്രാർത്ഥനയുടെ ഫലമായി "ഒരു മാസത്തിനുള്ളിൽ ഞാൻ നിനക്ക് സ്ഥിരമായ ജോലി തരുമെന്നും അതുകൊണ്ട് നിനക്ക് ജീവിക്കാം" എന്നുള്ള ദൃഢവിശ്വാസത്തോടെയുള്ള വാക്കുകൾ ശ്രവിച്ചു. തിരുവചനം പറയുന്നത് : **അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളതു നമുക്കു അവനോടുള്ള ധൈര്യം ആകുന്നു. നാം എന്തു അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നുവെങ്കിൽ അവനോടു കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നും അറിയുന്നു** (1 യോഹന്നാൻ 5:14,15).



വിശ്വസിച്ച എനിക്ക് ആ ജോലി ലഭിച്ചു എന്ന രീതിയിൽ അതിൽ പ്രവേശിക്കുവാനുള്ള ഒരുക്കങ്ങൾ നടത്തി. എന്റെ പ്രവർത്തികൾ കണ്ടവരെല്ലാം എന്റെ മാനസികാവസ്ഥയിൽ സംശയിച്ചു. പക്ഷെ ഞാൻ ദൈവത്തിൽ പൂർണ്ണമായി വിശ്വസിച്ചു.



ദിവസങ്ങൾ കഴിയുമ്പോൾ ഞാൻ ദിവസവും പോസ്റ്റുമാനെ കാത്തിരിക്കാൻ തുടങ്ങി. 18-06-2022 ൽ, ഏകദേശം ഒരു മാസം കഴിഞ്ഞപ്പോൾ, വിശ്വാസത്തോടെയും പ്രാർത്ഥനയോടെയും ഞാൻ പോസ്റ്റ് ഓഫീസിൽ







*1994 ൽ ഞാൻ സർക്കാർ ജോലി ഉപേക്ഷിച്ചപ്പോൾ സഹപ്രവർത്തകരോടൊപ്പം എനിക്കു യാത്രയയപ്പു നൽകുന്ന ശ്രീ. എ. ശെമ്പകം ബി.ഇ., ചീഫ് ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ്*

പോയി. പോസ്റ്റ്മാൻ ശ്രീ. നെല്ലയ്യപ്പൻ എന്നെ കണ്ടയുടനെ ഒന്നുമില്ല എന്നു കരങ്ങൾ കൊണ്ടു കാണിച്ചു. എന്നാ ലും തിരികെ പോകാതെ അവിടെ തന്നെ പ്രാർത്ഥനയോടെ ഇരുന്നു. ഏതാനും മിനിട്ടു കൾക്കുള്ളിൽ അതേ പോസ്റ്റുമാൻ തന്നെ "സാം, നിങ്ങൾക്ക് ഒരു രജിസ്റ്റേർഡ് കത്ത് ഉ ണ്ട്, ഒപ്പിട്ടുവാങ്ങുക" എന്നുപറഞ്ഞു.

ആ കത്ത് തുറന്നു വായിച്ചപ്പോൾ തമിഴ് നാട് പി.എസ്.സി. യുടെ ചെന്നൈ ഓഫീസി ൽനിന്നും അയച്ച തൊഴിൽ വകുപ്പിൽ ജോലി ലഭിച്ചതായുള്ള ഉത്തരവ് ആണെന്നു മനസ്സി ലായി ചില വർഷങ്ങൾക്കുമുമ്പ് ഞാൻ എഴു തിയ പരീക്ഷയുടെ ഫലമാ യിരുന്നു. എന്റെ പ്രാർത്ഥന യിലൂടെ അത്ഭുതം സംഭവി ച്ചു. പ്രാർത്ഥന അതിശയക രമായ ആയുധമാണ്.

സന്തോഷത്തോടെ ഞാ ൻ ചെന്നൈയിൽ പോയി ജോലിയിൽ പ്രവേശിച്ചു. ശമ്പളത്തിന്റെ ഭൂരിഭാഗവും ശുശ്രൂഷക്കായി വിനിയോഗിച്ചു. പിന്നീട് ദൈവഹിതമനുസരിച്ച് 1994ൽ മുഴുസമയ സുവിശേഷപ്രവർത്തനത്തിനായി ജോലി രാജി വച്ചു.

നമ്മുടെ ദൈവം വലിയവനാണ്! അവൻ കൃത്യനിഷ്ഠയുള്ളവനാണ്! അവനെ മുറുകെ പിടിപ്പിൻ!! നിങ്ങൾ വിജയം പ്രാപിക്കും!!! ഇന്ന് അവൻ നിങ്ങളെ സൂക്ഷ്മമായി വീക്ഷിക്കുന്നു.

**സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്കകൊണ്ടു നീ അവനെ പൂർണ്ണ സമാധാനത്തിൽ കാക്കുന്നു** (യെശയ്യാവ് 26:3).

❖❖❖❖❖❖❖❖

*... 7-ാം പേജിന്റെ തുടർച്ച*

വരുമ്പോൾ നിങ്ങളുടെ ജീവിതത്തിൽ മാറ്റം ഉണ്ടാകുന്നില്ല എങ്കിൽ നിങ്ങളുടെ ജീവിതത്തിൽ വന്നത് ദൈവമല്ല. ദൈവമാണ് നിങ്ങളുടെ ജീവിതത്തിൽ വന്നതെങ്കിൽ മാറ്റം നിശ്ചയമാണ്.

വിദ്വാന്മാർക്ക് യേശുവിന്റെ അടുക്കൽ വരുവാനായി സാമ്പത്തിക ചെലവ് ഉണ്ടായിരുന്നു. പക്ഷെ അവർ അവനെ കണ്ടപ്പോൾ അവനെ ആരാധിച്ചു. നാലാമത്തെ പാഠം ഇതാണ്: നിങ്ങളും നിങ്ങളുടെ ജീവിതവും അനുഗ്രഹിക്കപ്പെടണമെങ്കിൽ വിദ്വാന്മാർ ചെയ്തതുപോലെ നിങ്ങളുടെ സമയവും നിങ്ങളുടെ സമ്മാനങ്ങളും യേശുവിന് അർപ്പിക്കുവിൻ.

**നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിന്നു സമർപ്പിക്കയും അരുതു, നിങ്ങളെത്തന്നേ മരിച്ചിട്ടു ജീവിക്കുന്നവരായും നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും ദൈവത്തിന്നു സമർപ്പിച്ചു കൊൾവിൻ** (റോമർ 6:13). ഇതിനേക്കാൾ ബുദ്ധിപരമായ മറ്റൊന്നില്ല. നിലനില്ക്കാത്തതിനല്ല നില നില്ക്കുന്നതിനുവേണ്ടി ജീവിതം സമർപ്പിക്കുവിൻ. ദൈവത്തിന്റെ നല്ല ഉദ്ദേശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള ഉപകരണങ്ങളായിത്തീരുവാൻ നിങ്ങളുടെ ശരീരത്തിന്റെ എല്ലാ ഭാഗങ്ങളെയും ദൈവകരങ്ങളിൽ സമർപ്പിപ്പിൻ.

## ★ നിങ്ങൾ യേശുവിന് എന്തു നൽകാൻ പോകുന്നു? ★

മറ്റുള്ളവർക്കു സമ്മാനങ്ങൾ വാങ്ങുവാൻ ഈ കാലഘട്ടത്തിൽ നിങ്ങളുടെ സമയവും ചിന്തയും പണവുമെല്ലാം ചിലവഴിക്കുവാൻ പോകുകയാണല്ലോ. ഈ ക്രിസ്തുമസ് വേളയിൽ കർത്താവായ യേശുവിനുവേണ്ടി നിങ്ങൾ എന്താണ് നൽകുവാൻ പോകുന്നത്? പിറന്നാൾകാരന് ഒഴികെ മറ്റെല്ലാവർക്കും സമ്മാനങ്ങൾ നൽകുന്നതിനെക്കുറിച്ച് നിങ്ങൾക്കു ചിന്തിക്കുവാൻ സാധിക്കുമോ? ഈ ക്രിസ്തുമസ്സിന് യേശുവിനു നൽകാവുന്ന ഏറ്റവും വലിയ സമ്മാനം നിങ്ങളെ തന്നെ മുഴുവനായി സമർപ്പിക്കുന്നതാണ്. നിങ്ങളുടെ സ്നേഹവും വിശ്വാസവും ശ്രദ്ധയും നിങ്ങൾ യേശുവിനു നൽകുവിൻ. നിങ്ങളുടെ ഏതു സമ്മാനവും അവൻ സന്തോഷത്തോടെ സ്വീകരിക്കും.

ക്രിസ്തുമസ്സ് സമ്മാനങ്ങൾ നൽകുന്ന പാരമ്പര്യം ആരംഭിച്ചത് വിദ്വാന്മാരാണ്. അവർ യേശുവിന് സമ്മാനങ്ങൾ കൊണ്ടുവന്നു. ഇപ്പോൾ നാം അന്യോന്യം സമ്മാനങ്ങൾ കൈമാറുന്നു. സമ്മാനങ്ങൾ കൈമാറുന്ന രീതി വന്നത് തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചതിനാലാണ്. ദൈവമാണ് ആദ്യത്തെ ക്രിസ്തുമസ്സ് സമ്മാനം നൽകിയത്, അത് മാനവരാശി ശീലമാക്കി.

**യോസേഫ് സഹകരിച്ചു, ആട്ടിയന്മാർ ആഘോഷിച്ചു, മറിയ ചിന്തിച്ചു, വിദ്വാന്മാർ സമ്മാനങ്ങൾ നൽകി എന്നിവയാണ് നാം ചിന്തിച്ച നാലു കാര്യങ്ങൾ. സുഹൃത്തുക്കളേ, ഇനി നിങ്ങളാണ് തീരുമാനമെടുക്കേണ്ടത്. ദൈവത്താൽ അനുഗ്രഹപ്പെട്ടവരായും മറ്റുള്ളവർക്ക് അനുഗ്രഹമായി തീരുവാനും ശ്രമിക്കുവിൻ.**

❖❖❖❖❖❖❖❖

RNI.No.55468/94, Postal Regn.No.TN/CH/(C)/199/21-23 WPP.No.TN/PMG(CCR)/WPP-221/21-23

**വിളിയുടെ പ്രതിധ്വനി**
**മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം**

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചുകൊടുക്കുന്നതാണ്.

## OUR BANK DETAILS:

### 1. Bank : State Bank of India

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

### 2. Bank : ICICI Bank

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

### 3. Bank : State Bank of India

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

**വാർഷിക വരിസംഖ്യ : 100/- രൂപ** **ആയുഷ്കാല വരിസംഖ്യ : 2000/- രൂപ**

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

**ECHO OF HIS CALL**
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/21-23
Licence No. WPP. No. TN/PMG(CCR)/WPP-221/21-23
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 5th DECEMBER, 2022.

If un-delivered please return to:
**ECHO OF HIS CALL (MALAYALAM)**
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by him at **Echo of His Call Printers**, New No. 8 & 10, Old No. 18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**